# <u>പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസി</u>

1. എന്താണ് പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസി.?

വിദേശത്തു താമസിക്കുകയോ ജോലി ചെയ്യുകയോ ചെയ്യുന്ന കേരളീയരായ പ്രവാസികൾക്ക് 13 ഗുരുതര അസുഖങ്ങൾക്കു 1 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയും കൂടാതെ അപകടംമൂലമുള്ള മരണത്തിനു 2 ലക്ഷം രൂപയുടെയും സ്ഥിരമോ, ഭാഗികമോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി 1 ലക്ഷം രൂപയുടെയും പരിരക്ഷ പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസിയിലൂടെ ലഭിക്കുന്നു.

2. പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസിയിൽ ആർക്കെല്ലാം അംഗമാകാം.?

വിദേശത്തു ജോലി ചെയ്യുകയോ, താമസിക്കുകയോ ചെയ്യുന്ന (6 മാസത്തിൽ കുറയാത്ത വിസയോ റസിഡന്റ് പെർമിറ്റോ ഉള്ള) കേരളീയ പ്രവാസികൾക്ക് അംഗങ്ങളാകാം.

3. പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസിയിൽ ചേരാൻ വയസ് പരിധിയുണ്ടോ. ?

ഉണ്ട് , 18 – വയസു മുതൽ 60 വയസ്സുവരെ ചേരാവുന്നതാണ്.

4. പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസിയുടെ കാലാവധി എത്ര വർഷമാണ്?

പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസിയുടെ കാലാവധി ഒരു വർഷമാണ്.

5. പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസിയിൽ ഏതെല്ലാം അസുഖങ്ങൾക്കാണ് പരിരക്ഷ ലഭിക്കുന്നത്.?

ഈ പോളിസിയിലൂടെ പതിമൂന്നു ഗുരുതര അസുഖങ്ങൾക്കാണ് പരിരക്ഷ ലഭിക്കുന്നത്. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ ലഭ്യമാണ്

6. പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസി എടുക്കുവാൻ എത്രയാണ് ഫീസ്?

ഒരു വർഷത്തെ ഫീസ് 550/– രൂപയാണ്

7. പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസിയിൽ എങ്ങനെ അംഗമാകാം.?

അംഗമാകാൻ ആഗ്രഹിക്കുന്നവർ www.norkaroots.org എന്ന സൈറ്റിൽ സർവീസ് വിഭാഗത്തിൽ പ്രവാസി ഐഡി കാർഡ് സെക്ഷനിൽ നിന്നും പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസി പദ്ധതിയിലേക്ക് ആവശ്യമായ രേഖകൾ സഹിതം 550/–രൂപ അപേക്ഷ ഫീസും ഓൺലൈനായി സമർപ്പിച്ചു അംഗമാകാവുന്നതാണ് .

8. പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസിയുടെ അപേക്ഷ ഫീസ് എങ്ങനെയാണു അടയ്‌ക്കേണ്ടത്.?

ഓൺലൈൻ നെറ്റ് ബാങ്കിങ് വഴി, ക്രെഡിറ്റ് കാർഡ് / ഡെബിറ്റ് കാർഡിലൂടെയും ഫീസ് അടക്കാവുന്നതാണ്.

9. പ്രവാസി ഐഡൻറിറ്റി കാർഡും, പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസിയും തമ്മിൽ ഉള്ള വ്യത്യാസം എന്ത്.?

പ്രവാസി ഐഡൻറിറ്റി കാർഡ് പദ്ധതിയിൽ അപകടപരിരക്ഷയാണ് അംഗങ്ങൾക്കു ലഭിക്കുന്നത്. അപകടം മൂലമുള്ള മരണത്തിന് 4 ലക്ഷം രൂപയും അപകടംമൂലമുള്ള സ്ഥിരമായോ ഭാഗികമായോ ആയിട്ടുള്ള അംഗവൈകല്യങ്ങൾക്കു പരമാവധി 2 ലക്ഷം രൂപയും ഈ പദ്ധതിയിലൂടെ ലഭിക്കുന്നു. പ്രവാസി ഐഡി കാർഡിന്റെ കാലാവധി 3 വർഷമാണ്.

പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസി ഉടമകൾക്ക് ആരോഗ്യ പരിരക്ഷയോടൊപ്പം അപകട പരിരക്ഷയും ലഭിക്കുന്നു. 1 വർഷം കാലാവധി ഉള്ള ഈ പദ്ധതിയിൽ 13 ഗുരുതര അസുഖങ്ങൾക്കു 1 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും കൂടാതെ അപകടംമൂലമുള്ള മരണത്തിനു 2 ലക്ഷം രൂപയുടെയും സ്ഥിരമോ, ഭാഗികമോ ആയ അംഗവൈകല്യങ്ങൾക്ക് പരമാവധി 1 ലക്ഷം രൂപയുടെയും പരിരക്ഷ ലഭിക്കുന്നു.

10. പ്രവാസി ഐഡന്റിറ്റി കാർഡ്സ് ഉള്ളവർക്ക് പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസിയിൽ അംഗമാകാൻ കഴിയുമോ?

കഴിയും. ഒരേ സമയം ഐ ഡി കാർഡും പ്രവാസിരക്ഷാ പോളിസിയും അംഗമാവാൻ സാധിക്കും.

11. പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസിയുടെ അപേക്ഷ ഫീസ് അടച്ചാൽ എപ്പോഴാണ് പോളിസി സർട്ടിഫിക്കറ്റ് ലഭിക്കുക?

വിജയകരമായി അനുബന്ധരേഖകൾ സഹിതം അപേക്ഷയും ഫീസും അടച്ചുകഴിഞ്ഞു 5 പ്രവർത്തി ദിവസത്തിനുള്ളിൽ പോളിസി സർട്ടിഫിക്കറ്റ് സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്.

12. പോളിസി എടുത്തുകഴിഞ്ഞാൽ എന്ന് മുതലാണ് ഇൻഷുറൻസ് ക്ലെയിം ലഭിക്കുക?

പോളിസി അനുവദിച്ച തീയതി മുതൽ 30 ദിവസത്തിന് ശേഷം മാത്രമേ ക്ലെയിമിനായി അപേക്ഷിക്കാൻ സാധിക്കു

13. പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസി എപ്പോഴാണ് പുതുക്കേണ്ടത്.?

പോളിസിയുടെ കാലാവധി ഒരു വർഷമാണ്. കാലാവധി തീരുന്നതിനും 30 ദിവസം മുൻപ് പോളിസി പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ് .

14. പ്രീ എക്സിസ്റ്റിങ് ഇൽനെസ്സ് എന്ന് പറഞ്ഞാൽ എന്താണ്.?

Any condition, ailment or Insury or related condition(s) for which there were signs or symptoms, and/or were diagnosed, and/or for which medical advice/treatment was received within forty eight months prior to the first policy issued by us and renewed continuously

thereafter. Such a condition or disease shall be considered as Pre-existing. Any Claims arising out of such pre-existing disease or condition is not covered under the Policy until forty eight months of Continuous coverage have elapsed for the Insured Person

(പ്രീ എക്സിസ്റ്റിങ് ഇൽനെസ്സ് എന്നാൽ പോളിസി ഇഷ്യൂ ചെയ്യുകയും അത് തുടർച്ചയായി പുതുക്കികൊണ്ടിരിക്കുകയും, ആദ്യ പോളിസി ഇഷ്യൂ ചെയ്യുന്ന തീയതിക്ക് മുൻപ് 48 മാസങ്ങൾക്കുള്ളിൽ ഏതെങ്കിലും രോഗലക്ഷണങ്ങളോ /രോഗമോ കണ്ടെത്തുകയോ ചികിത്സ ലഭിക്കുകയോ ചെയ്ത പക്ഷം അവ പ്രീ എക്സിസ്റ്റിങ് ഇൽനെസ്സ് എന്ന് കരുതപ്പെടുന്നു. ഇങ്ങനെയുള്ള പ്രീ എക്സിസ്റ്റിങ് ഇൽനെസ്സുമായി ബന്ധപ്പെട്ട് നൽകുന്ന ക്ലെയിം അപേക്ഷയ്ക്ക് പരിരക്ഷ 48 മാസം (4 വർഷം) തുടർച്ചയായി പോളിസി കവറേജ് കഴിയുന്നതുവരെ ലഭിക്കുന്നതല്ല.)

14. പ്രീ എക്സിസ്റ്റിങ് ഇൽനെസ്സ് ഉള്ളവർക്ക് ഇതിൽ ചേരാൻ കഴിയുമോ.?

If the Pre-Existing Illness or medical condition leads to any of the critical illnesses specified, the insured will not get the benefit for that particular illness. But is He/She contracts any other critical illness, not linked to his existing illness, He/She may be eligible for the compensation, subject to terms and conditions of the policy.

(പ്രീ എക്സിസ്റ്റിങ് ഇൽനെസ്സുമായ് ബന്ധപ്പെട്ട വരുന്ന ഗുരുതരരോഗങ്ങൾക്ക് പരിരക്ഷ ലഭിക്കുന്നതല്ല. എന്നാൽ പ്രീ എക്സിസ്റ്റിങ് ഇൽനെസ്സുമായ് ബന്ധമില്ലാത്ത പട്ടികയിലെ മറ്റു ഗുരുതരരോഗങ്ങൾക്ക് പോളിസിപ്രകാരമുള്ള പരിരക്ഷ ലഭിക്കുന്നതാണ്.)

16. ഇൻഷുറൻസ് ക്ലെയിമിനായി ആർക്കാണ്, എങ്ങനെയാണ അപേക്ഷിക്കേണ്ടത്. ?

ക്ലെയിം ഫോം വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്. ക്ലെയിം ഫോമും അതോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും സഹിതം നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ് .

17. ഇൻഷുറൻസ് ക്ലെയിം അനുവദിച്ചാൽ എങ്ങനെയാണ് ലഭിക്കുന്നത്.?

ഇൻഷുറൻസ് ക്ലെയിം തുക ഇൻഷുറൻസ് കമ്പനി നോർക്ക റൂട്ട്സിനു കൈമാറുന്നു. നോർക്ക റൂട്ട്സ് ടി തുക അപേക്ഷകന്റെ അക്കൗണ്ടിലേക്ക് നൽകുന്നതാണ് .

18. ഒരാൾക്ക് ഒരേ സമയം പ്രവാസി രക്ഷ ഇൻഷുറൻസ് പോളിസിയ്ക്കും പ്രവാസി ഐഡന്റിറ്റി കാർഡിനും അപേക്ഷിക്കാമോ?

പ്രവാസി രക്ഷ ഇൻഷുറൻസ് പോളിസിയും പ്രവാസി ഐഡന്റിറ്റി കാർഡിനും ഒരേ സമയം അപേക്ഷിക്കാവുന്നതാണ് . സൈറ്റിൽ അതിനുള്ള പ്രത്യേക ഓപ്ഷൻ ഉണ്ട്.

19. പ്രവാസി ഐഡി കാർഡും പ്രവാസി രക്ഷ ഇൻഷുറൻസ് പോളിസിയും ഉള്ള ഒരാൾ അപകടംമൂലം മരണപ്പെട്ടാൽ രണ്ട് പദ്ധതിയിലും ഉള്ള അപകട-ഇൻഷുറൻസ് പരിരക്ഷ ലഭിക്കുമോ?

രണ്ടിലും അംഗമായ ഒരാൾ അപകടംമൂലം മരിച്ചാൽ പ്രവാസി ഐഡി കാർഡ് പ്രകാരം 4 ലക്ഷം രൂപയുടെയും പ്രവാസി രക്ഷ ഇൻഷുറൻസ് പോളിസി പ്രകാരം 2 ലക്ഷം രൂപയുടെയും (മൊത്തം 6 ലക്ഷം രൂപയുടെ) ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ് .

20. പ്രവാസി ഐഡി കാർഡിനും പ്രവാസി രക്ഷ ഇൻഷുറൻസ് പോളിസിക്കുമായി ഒന്നിച്ച് അപേക്ഷിക്കുന്നവർക്ക് അപേക്ഷാഫീസ് പ്രത്യേകം പ്രത്യേകം അടക്കേണ്ടതുണ്ടോ?

പ്രവാസി ഐഡി കാർഡിനും പ്രവാസിരക്ഷ ഇൻഷുറൻസ് പോളിസിക്കുമായി ഒറ്റതവണയായി അപേക്ഷാഫീസ് (315 +550 =865/ –രൂപ) 865 /– അടക്കാവുന്നതാണ്. അതിനുള്ള ഓപ്ഷൻ സൈറ്റിൽ ലഭ്യമാണ്.

21. പ്രവാസി ഇൻഷുറൻസ് പോളിസി പ്രകാരമുള്ള ആനുകൂല്യത്തിന് അപേക്ഷിക്കാൻ ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയാണ്?

പൂരിപ്പിച്ച ഒപ്പിട്ട ക്ലെയിം ഫോമിനോടൊപ്പം പാസ്സ്പോർട്ടിന്റെ ഫ്രണ്ട് പേജ് , അഡ്രസ് പേജ് , വിസ, റസിഡന്റ് പെർമിറ്റ്, ഇക്കാമ എന്നിവയുടെ കോപ്പിയും, ഫോട്ടോയും ഹാജരാക്കേണ്ടതാണ്.

22. ഇന്ത്യയിലെയും വിദേശത്തെയും ഡോക്ടർമാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് സ്വീകരിക്കുമോ?

ഇന്ത്യയിലും വിദേശത്തുമുള്ള സ്പെഷ്യലിസ്ററ് രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്റ്റീഷനർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതാണ്.

23. രോഗം നിർണയിച്ചാൽ എത്ര ദിവസത്തിനുള്ളിൽ ക്ലെയിമിനുള്ള അപേക്ഷ സമർപ്പിക്കണം. ? ഏതു ഡോക്ടർ ആണ് സാക്ഷ്യപ്പെടുത്തേണ്ടത്?

രോഗം നിർണ്ണയതിനുശേഷം 30 ദിവസത്തിനുള്ളിൽ തന്നെ ക്ലെയിമിനുള്ള അപേക്ഷ സമർപ്പിക്കണം.

**Schedule of Critical illnesses covered under this policy and the authority to diagnose and certify**

| | |
|---|---|
| 1. Cancer- | Oncologist |
| 2. Kidney failure (end stage renal failure) - | Nephrologists |
| 3. Primary pulmonary arterial Hypertension- | Cardiologist/Pulmonologist |
| 4. Multiple Sclerosis- | Neurologist |
| 5. Major organ transplant- | Concerned Specialty Doctor/General Surgeon |
| 6. Coronary artery by-pass grafts- | CTVS (Cardio Thoracic & vascular surgeon) |
| 7. Aorta graft surgery- | CTVS (Cardio Thoracic & vascular surgeon) |
| 8. Heart Valve surgery- | CTVS (Cardio Thoracic & vascular surgeon) |
| 9. Stroke- | Neurologist |
| 10. Myocardial Infarction (First heart Attack) - | Cardiologist |

11. Coma- Neurologist
12. Total Blindness- Ophthalmologist
13. Paralysis- Neurologist

24. പ്രവാസിയുടെ നാട്ടിലുള്ള കുടുംബാംഗങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കുമോ?

ഇല്ല. നാട്ടിലുള്ള കുടുംബാംഗങ്ങൾക്ക് ആനുകൂല്യം ലഭിക്കില്ല.

25. പോളിസി കാലയളവിനിടെ വിദേശവാസം മതിയാക്കി നാട്ടിൽ വന്നാൽ പരിരക്ഷ ലഭിക്കില്ലേ?

പോളിസി കാലാവധി തീരുന്നതുവരെ മാത്രമേ പരിരക്ഷ ലഭിക്കുകയുള്ളൂ.

26. പ്രവാസിരക്ഷ പോളിസി സംബന്ധിച്ച കൂടുതൽ സംശയങ്ങൾക്ക് എവിടെ ബന്ധപ്പെടാം?

കൂടുതൽ വിവരങ്ങൾക്ക് ടോൾ ഫ്രീ നമ്പർ 18004253939 (ഇന്ത്യ) 00918802012345 (വിദേശത്തുനിന്നും) മിസ്ഡ് കോൾ സേവനം ലഭിക്കുന്നതാണ്. ഇമെയിൽ norka.raksha@gmail.com

27. പോളിസി ഡോക്യുമെന്റ്സ് നഷ്ടപ്പെട്ടാൽ എന്തു ചെയ്യണം?

www.norkaroot.org എന്ന വെബ്സൈറ്റിൽ login ചെയ്തു പോളിസി സർട്ടിഫിക്കറ്റ് ഡൌൺലോഡ് ചെയ്യാവുന്നതാണ്.

28. പ്രവാസിയുടെ വിദേശത്തുള്ള കുടുംബാംഗങ്ങൾക്ക് വെവ്വേറെ അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ?

ഓരോ അംഗങ്ങൾക്കും വെവ്വേറെ അപേക്ഷാഫോറം സമർപ്പിക്കേണ്ടതാണ് .

29. പോളിസി പ്രകാരമുള്ള ക്ലെയിമിന് യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ എന്തു ചെയ്യും?

ക്ലെയിം അപേക്ഷ യഥാസമയം സമർപ്പിച്ചില്ലായെങ്കിൽ ഇൻഷ്വറൻസ് കമ്പനി അപേക്ഷ നിരസിക്കുന്നതാണ്. ആയതിനാൽ യഥാസമയംതന്നെ ക്ലെയിം അപേക്ഷ സമർപ്പിക്കുന്നതിന് പരമാവധി ശ്രമിക്കുക.